## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 411** — **04-07-2024 - ൽ മറുപടിയ്ക്ക്**

## വിനോദസഞ്ചാര മേഖലയിലെ മാനവ വിഭവശേഷി വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര മേഖലയിലെ മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വിനോദസഞ്ചാര മേഖലയിലെ മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ചുവടെ ചേർത്തിരിക്കുന്ന പരിശീലന കേന്ദ്രങ്ങളാണുള്ളത് . കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് , കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് , വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിനു കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, മലയാറ്റൂർ, തലശ്ശേരി സെന്ററുകൾ. ഇവ കൂടാതെ കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയുടെ അംഗീകാരത്തോടെ തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി പ്രവർത്തിക്കുന്നു. |
| (ബി) | വിനോദസഞ്ചാര മേഖലയിലെ മാനവശേഷി വികസനം ലക്ഷ്യമിട്ട് നടന്നു വരുന്ന പ്രധാന കോഴ്സുകളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | വിനോദസഞ്ചാര മേഖലയിലെ മാനവവിഭവശേഷി വികസനം ലക്ഷ്യമിട്ട് നടന്നു വരുന്ന പ്രധാന കോഴ്സുകളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കിറ്റ്സ് എന്നീ സ്ഥാപനങ്ങൾ വിനോദസഞ്ചാര രംഗത്ത് നൽകി വരുന്ന സേവനങ്ങൾ വിശദമാക്കാമോ? | (സി) | <u>ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്</u>:-<br><br>വർഷാവർഷം 1500 ൽ അധികം വിദ്യാർത്ഥികൾക്ക് 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ഹോട്ടൽ മാനേജ്മെന്റ് കോഴ്സിൽ വിദഗ്ദ പരിശീലനം നൽകി ഹോസ്പിറ്റാലിറ്റി മേഖലയിൽ ജോലിക്ക് പ്രാപ്തരാക്കുന്നു. കൂടാതെ ടൂറിസം വകുപ്പിലെ ഗസ്റ്റ് ഹൗസ് ജീവനക്കാർക്ക് മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകി വരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ കോഴ്സ് പൂർത്തിയാക്കി വിനോദസഞ്ചാര മേഖലയിലെ ജോലിക്ക് പ്രാപ്തരാക്കാൻ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സാധിക്കുന്നുണ്ട്.<br><br><u>കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)</u> :-<br><br>മാനവശേഷി വികസനത്തിനായി ടൂറിസത്തിന്റെ വിവിധ മേഖലകളിൽ കോഴ്സുകൾ നടത്തുന്നതോടൊപ്പം ഹോസ്പിറ്റാലിറ്റി മേഖലയ്ക്ക് ആവശ്യമായ നൈപുണ്യ വികസന പരിശീലന പരിപാടികൾ, ഈ മേഖലയുടെ വികസനത്തിനാവശ്യമായ പഠനങ്ങൾ, ഗവേഷണ പരിപാടികൾ, സെമിനാറുകൾ, കൺസൾട്ടൻസി പ്രവർത്തനങ്ങൾ എന്നിവയും കിറ്റ്സ് നടത്തി വരുന്നു. ടൂറിസം മാനവശേഷി വികസനത്തിന് സഹായമാകുന്ന തരത്തിൽ ഇന്ത്യയിലും, വിദേശത്തും ഉള്ള പ്രസ്ഥാനങ്ങളുമായി സഹകരിച്ച് അക്കാദമിക് കൊളാബറേഷനുകളിലൂടെയുള്ള പ്രവർത്തനങ്ങളും, ടൂറിസം പഠനത്തിനും ഗവേഷണത്തിനും, അറിവിനും പ്രയോജനപ്പെടുന്ന ജേണലുകൾ, ന്യൂസ് ലെറ്ററുകൾ എന്നിവ പ്രസിദ്ധീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും കിറ്റ്സ് നടത്തിവരുന്നു. വിനോദസഞ്ചാര മേഖലയിൽ മികച്ച പ്രൊഫഷണലുകളെ വാർത്തെടുക്കാൻ KITTS ന് സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | സ്ഥാപനം | കോഴ്സ് |
|---|---|---|
| 1 | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (FCI) | 1. ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ<br>2. ഫുഡ് ആന്റ് ബീവറേജ് സർവ്വീസ്,<br>3. ഫുഡ് പ്രൊഡക്ഷൻ<br>4. ബേക്കറി ആന്റ് കൺഫെക്ഷണറി<br>5. ഹോട്ടൽ അക്കോമഡേഷൻ ഓപ്പറേഷൻ<br>6. ക്യാനിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ |
| 2. | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) | 1. എം.ബി.എ ഇൻ ട്രാവൽ ആന്റ് ടൂറിസം<br>2. ബി.ബി.എ ഇൻ ടൂറിസം മാനേജ്മെന്റ്<br>3. ബി.കോം ഇൻ ട്രാവൽ ആന്റ് ടൂറിസം<br>4. പി.ജി. ഡിപ്ലോമ ഇൻ ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്<br>5. പി.ജി. ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻ ഇൻ ടൂറിസം<br>6. പി.ജി. ഡിപ്ലോമ ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ്<br>7. ഡിപ്ലോമ ഇൻ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്<br>8. ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്<br>9. ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്.<br>10. അഡ്വാൻസ് ഡിപ്ലോമ ഇൻ ടൂറിസം മാനേജ്മെന്റ് (ഓൺ ലൈൻ)<br>11. ഡിപ്ലോമ ഇൻ ടൂറിസം എന്റർപ്രനർഷിപ്പ് (ഓൺലൈൻ)<br>12. ഡിപ്ലോമ ഇൻ മൾട്ടി സ്കിൽഡ് ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ്<br>13.ഡിപ്ലോമ ഇൻ ടൂറിസം ആന്റ് ഏവിയേഷൻ മാനേജ്മെന്റ് |

| | | |
|---|---|---|
| | | 14. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫുഡ് പ്രൊഡക്ഷൻ |
| 3. | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കോഴിക്കോട് | 1. ബി.എസ്.സി. ഇൻ ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്<br>2. ഡിപ്ലോമ ഇൻ ഫുഡ് പ്രൊഡക്ഷൻ<br>3. ഡിപ്ലോമ ഇൻ ഫുഡ് ആൻഡ് ബീവറേജ് സർവീസ്<br>4. ഡിപ്ലോമ ഇൻ ബേക്കറി ആൻഡ് കൺഫെക്ഷണറി<br>5. ഡിപ്ലോമ ഇൻ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ<br>6. ഡിപ്ലോമ ഇൻ ഹൗസ് കീപ്പിങ് ഓപ്പറേഷൻ<br>7. പി.ജി. ഡിപ്ലോമ ഇൻ അക്കൊമഡേഷൻ ഓപ്പറേഷൻസ് ആൻഡ് മാനേജ്മെന്റ്. |
| 4 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), കണ്ണൂർ | ബി.എസ്.സി ഇൻ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് സയൻസ് |
| 5 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (IHMCT), കോവളം, തിരുവനന്തപുരം | 1. ബി.എസ്.സി ഇൻ ഹോസ്പിറ്റാലിറ്റി ആൻഡ് ഹോട്ടൽ അഡ്മിനിസ്ട്രേഷൻ<br>2. ഡിപ്ലോമ ഇൻ ഫുഡ് പ്രൊഡക്ഷൻ |

Hachana

**സെക്ഷൻ ഓഫീസർ**